(൭)

**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 193** **04-10-2016-ൽ മറുപടിയ്ക്ക്**

**വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി**

| ചോദ്യം | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| **ശ്രീ. മോൻസ് ജോസഫ് :**<br>**ശ്രീ. റോഷി അഗസ്റ്റിൻ :**<br>**ശ്രീ. സി.എഫ്.തോമസ് :**<br>**ഡോ.എൻ. ജയരാജ് :** | |
| (എ) സംസ്ഥാനത്ത് വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി എന്നാണ് ആരംഭിച്ചത്; ഏതെല്ലാം ജില്ല കളെയാണ് ഈ പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ളത് എന്നും പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്താണ് എന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതി ആരംഭിച്ചത് പതിനൊന്നാം പദ്ധതിയുടെ (2007-2012) കാലത്താണ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർ കോട് എന്നീ ജില്ലകളെയാണ് ഈ പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്.<br>ടി ജില്ലകളിൽ 49 വിദൂര മേഖലയിലെ വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലെല്ലാം സോളാർ ഹോം ലൈറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ സങ്കേതങ്ങളിലും സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെങ്കിലും വൈദ്യുതീകരിക്കാത്ത 49 വിദൂര മേഖലകളിലായി 4204 കുടുംബങ്ങൾക്ക് സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുവാൻ അനെർട്ടിന് ഈ പദ്ധതിയിലൂടെ കഴിഞ്ഞു.<br>പാലക്കാട് ജില്ലയിൽ ചിറ്റൂർ ഇലക്ട്രിക്കൽ ഡിവിഷനിൽ ഉൾ-പ്പെട്ട 4 ആദിവാസി കോളനികളിലെ 171 ട്രൈബൽ വീടുകളിൽ ഡീ സെൻ ട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് പദ്ധതി പ്രകാരം സോളാർ പാനലുകളുപയോഗിച്ച് വൈദ്യുതി നൽകാൻ കെ. എസ്. ഇ. ബി എൽ-ന് കഴിഞ്ഞിട്ടുണ്ട്. 197 വീടുകളിൽ സോളാർ പാനലുകളുപയോഗിച്ച് വൈദ്യുതി നൽകാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. പാലക്കാട് ജില്ലയിൽ 701 വീടുകളിൽ പദ്ധതി നടപ്പിലാക്കാൻ കെ. എസ്. ഇ. ബി കരാർ |
| (സി) പദ്ധതി ഇതിനോടകം ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | നൽകിയിരുന്നെങ്കിലും കോളനി നിവാസികളുടെ എതിർപ്പ് മൂലവും സ്ഥലത്ത് എത്തിച്ചേരുന്നതിന് മാവോയിസ്റ്റുകളുടെ ഭീഷണി നിലനിൽക്കുന്നത് കൊണ്ടും 8 കോളനികളിൽ (333 വീടുകളിൽ) പ്രസ്തുത പദ്ധതി മരവിപ്പിച്ചിട്ടുണ്ട്. |
| (ഡി) വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി പ്രകാരം പിന്നോക്ക ജില്ലകളിൽ സോളാർ ഹോം ലൈറ്റിംഗ് യൂണിറ്റുകൾ | (ഡി) നിലവിൽ സംസ്ഥാനത്തെ 4 ജില്ലകളിലെ 25 വിദൂര കോളനികളിൽ സോളാർ സംവിധാനം വഴി വൈദ്യുതീകരിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. (വയനാട് - 3, |

സ്ഥാപിക്കാത്ത ഇടങ്ങളിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

എറണാകുളം- 14, ഇടുക്കി-1 മലപ്പുറം - 7) ഈ കോളനികളിൽ സോളാർ സംവിധാനം വഴി വൈദ്യുതീകരിക്കാൻ പ്രാരംഭ നടപടികൾ അനെർട്ട് നടപ്പിലാക്കി വരുന്നു.

പാലക്കാട് ജില്ലയിൽ നിന്നു ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ. എസ്. ഇ. ബി. എൽ ടി ജില്ലയിൽ വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മറ്റ് ജില്ലകളിലേക്കുള്ള പദ്ധതികൾ അതാത് ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അനുമതി ലഭിച്ചാൽ മാത്രമേ ബോർഡിന് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്താനായി പാലക്കാട്, വയനാട് ജില്ലകളുടെ റിപ്പോർട്ട് ബോർഡ് സമർപ്പിച്ചിരുന്നെങ്കിലും പാലക്കാടിന് മാത്രമാണ് ഇതുവരെ അനുമതി ലഭിച്ചത്.

Hemalatha

**സെക്ഷൻ ഓഫീസർ**